"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

ഡി.എ1/361/2019/തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23.11.2019

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഷഹല ഷെറിൻ എന്ന വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരണമടഞ്ഞ ദു:ഖകരമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ പൊതു വിദ്യാഭ്യസ വകുപ്പുമായി ചേർന്ന് അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22.11.2019 ലെ ആർ.ആർ.1/90010/2017 ഡി.ജി.ഇ. നമ്പർ സർക്കുലർ.

************************

വയനാട് ജില്ലയിലെ ഗവൺമെന്റ് സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഷഹല ഷെറിൻ എന്ന വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരണമടഞ്ഞ ദു:ഖകരമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള മുഴുവൻ വിദ്യാലയങ്ങളിലും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉടനടി നടപ്പിലാക്കേണ്ടതാണ്.

1. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും (പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ/ വിദ്യാഭാസം, കല സംസ്കാരിക കമ്മിറ്റികൾ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളുടെയും അടിയന്തര യോഗം വിളിച്ചു ചേർക്കേണ്ടതും പ്രസ്തുത കമ്മിറ്റിയിൽ പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ, പി.റ്റി.എ പ്രതിനിധികൾ എന്നിരുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ യോഗത്തിൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ പരിശോധിച്ച് വിലയിരുത്തേണ്ടതും വിദ്യാർത്ഥികളുടെ സുരക്ഷയെ സംബന്ധിച്ച് അടിയന്തര പ്രാധാന്യത്തോടെ സ്കൂൾ മാനേജ്മെന്റ്, പി.റ്റി.എ എന്നിവ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് അനുപൂരകമായിട്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതുമാണ്.

പ്രത്യേകമായി ചുവടെ ചേർത്ത കാര്യങ്ങൾ അടിയന്തര പ്രാധാന്യത്തോടെ പരിശോധിക്കേണ്ടതാണ്.

a) സ്കൂൾ ക്ലാസ്സ് മുറികൾ, ഓഡിറ്റോറിയം, ലാബ്, ലൈബ്രറി, ശുചി മുറി, തുടങ്ങിയ

സ്ഥലങ്ങളിൽ തറ ഭാഗം, ചുമരുകൾ, മേൽക്കൂര, ജനലുകൾ എന്നിവ ക്ഷുദ്ര ജീവി മുക്തമാക്കാൻ സീൽ ചെയ്ത് (അടച്ച് ) ബന്ധവസ്സാക്കേണ്ടതാണ്.

b) സ്കൂൾ കോമ്പൗണ്ടിനുള്ളിലെ, പ്രത്യേകിച്ച് വിദ്യാർഥികൾ സഞ്ചരിക്കുന്ന വഴി, കളിസ്ഥലം എന്നിവിടങ്ങളിലെ പാഴ് ചെടികൾ, പടർപ്പുകൾ എന്നിവ വെട്ടി മാറ്റി വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളേണ്ടതാണ്. ഇതിനായി നഗര പ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടും സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.

c) കുട്ടികളുടെ ആവശ്യാനുസൃതം വേണ്ട ശുചി മുറികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിലേക്കായി ശോചനീയാവസ്ഥയിൽ നിലവിലുള്ള ശുചി മുറികൾ ഉണ്ടെങ്കിൽ അവയുടെ അറ്റകുറ്റ പണി, പുനരുദ്ധാരണം എന്നിവ ഏറ്റെടുക്കാവുന്നതാണ്. ശുചിമുറികൾ അപര്യാപ്തമാണെകിൽ പുതിയ ശുചിമുറികളുടെ നിർമ്മാണത്തിന് ശുചിത്വ മിഷൻ ഫണ്ടും വിനിയോഗിക്കാവുന്നതാണ്. ശുചി മുറികളിൽ മതിയായ ജല ലഭ്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

2. മേൽ പ്രവൃത്തികൾക്കായി തദ്ദേശസ്ഥാപനങ്ങൾക്ക് Non Road Maintenance ഗ്രാൻഡ് ഉപയോഗിക്കാവുന്നതും മേൽ പ്രകാരം ഗ്രാൻഡ് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ തനത് ഫണ്ടും തനത് ഫണ്ട് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പ്ലാൻ ഫണ്ടും ഇതിലേയ്ക്ക് വിനിയോഗിക്കാവുന്നതാണ്.

3. ഗ്രാമങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾ കൂടി സ്കൂൾ പരിസരങ്ങളിൽ ഏറ്റെടുക്കാവുന്നതാണ്.

4. സുൽത്താൻ ബത്തേരി സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഉണ്ടായതു പോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രഥമ ശുശ്രൂഷ പരിശീലനം ആരോഗ്യ വകുപ്പുമായി ചേർന്ന് (FHC/PHC/CHC) നൽകേണ്ടതും പ്രഥമ ശുശ്രൂഷ നൽകുന്നതിന് വേണ്ടി ഒരു ടീം സ്കൂളുകളിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

5. ഇക്കാര്യങ്ങൾ പൊതു വിദ്യഭ്യാസ ഡയറക്ടർ നൽകിയ സൂചന സർക്കുലറിലെ തീയതിയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതും ആയത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയിലെ സെക്രട്ടറിമാർ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിൽ ഉറപ്പ് വരുത്തേണ്ടതും വിവരം ഡി.ഡി.പി /മേഖല ഡയറക്ടർമാർ എന്നിവർ മുഖേന സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**ശാരദ മുരളീധരൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, കേരള ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചേംബർ
സെക്രട്ടറി, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരള
സെക്രട്ടറി, മേയേഴ്സ് കൗൺസിൽ, കേരള
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
കോ-ഓർഡിനേറ്റർ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി
എല്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും/ സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും/ സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും/ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭ ചെയർമാൻമാർ/ കോർപ്പറേഷൻ മേയർ/ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

പകർപ്പ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് -ന്
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പിഎസ് -ന്
ബഹു. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രിയുടെ പിഎസ് -ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്